പൂർത്തിയാക്കുക എന്നത് ഏറ്റുമാനൂരിനെ സംബന്ധിച്ച് സുപ്രധാനമായ കാര്യമാണ്. അതുപോലെ കെ.എസ്.ടി.പി. പദ്ധതി പ്രകാരം എം.സി. റോഡ് വികസനം എല്ലാ സ്ഥലത്തും നടന്നു. എന്നാൽ ഏറ്റുമാനൂർ ഭാഗത്തെ വർക്ക് മാത്രം ഇതുവരെ ആരംഭിച്ചിട്ടില്ല. കടുത്തുരുത്തി മണ്ഡലത്തിലെ പട്ടിത്താനത്തും ചങ്ങനാശ്ശേരി-കോട്ടയം ഭാഗത്തും പണി നടക്കുന്നുണ്ട്. ഏറ്റുമാനൂർ മണ്ഡലത്തിന്റെ പണി മാത്രം നടപ്പാകുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇവ എത്രയുംവേഗം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, കെ.എസ്.ടി.പി. II പദ്ധതിയിലുൾപ്പെട്ട എം.സി. റോഡിലെ ചെങ്ങന്നൂർ-ഏറ്റുമാനൂർ 47.7 കിലോമീറ്റർ ഭാഗത്ത് 293.5 കോടി രൂപ ചെലവ് വരുന്ന നിർമ്മാണ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയാണ്. 36 മാസം നിർമ്മാണ കാലാവധിയുള്ള ഈ പ്രവൃത്തി 24-07-2017-ൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഏറ്റുമാനൂർ നിയോജക മണ്ഡലത്തിലെ തെള്ളകം മുതൽ പട്ടിത്താനം വരെയുള്ള ഭാഗമാണ് ഈ റോഡിൽ ഉൾപ്പെട്ടിട്ടുള്ളത്. കരാർ വ്യവസ്ഥ പ്രകാരം ഈ ഭാഗത്തെ നിർമ്മാണ പ്രവൃത്തികൾ മൂന്നാമത്തെ ലൈൽസ്റ്റോണിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇപ്പോൾ ചെങ്ങന്നൂർ മുതലുള്ള ഭാഗത്തെ നിർമ്മാണ പ്രവൃത്തിയാണ് വിവിധ ഘട്ടങ്ങളിലായി നടത്തിവരുന്നത്. എന്നിരുന്നാലും ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അഭ്യർത്ഥന മാനിച്ച് തെള്ളകം മുതൽ പട്ടിത്താനം വരെയുള്ള ഭാഗത്തെ ഓടയുടെയും കൾവർട്ടുകളുടെയും പണികൾ ഉടനെ ആരംഭിക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ റോഡിന്റെ നിർമ്മാണപ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ നിയോജകമണ്ഡലത്തിലുള്ള പ്രവർത്തനങ്ങൾ റോസ്റ്റ് ലൈൽസ്റ്റോണിലാണ് എഗ്രിമെന്റ് കാലത്ത് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ അദ്ദേഹത്തിന്റെ താൽപര്യവും അഭ്യർത്ഥനയും മാനിച്ച് സൈഡ് വർക്കുകളും കൾവർട്ടുകളും വലിയ പാലങ്ങളും ഉടൻതന്നെ നിർമ്മാണം നടത്താനുള്ള നടപടി സ്വീകരിക്കുകയും കരാറുകാരന് പ്രത്യേകം നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഫ്ലൈ ഓവറിന്റെ നിർമ്മാണവും ആരംഭിക്കുന്നതാണ്.

(6) ഇടച്ചിറ പാലത്തിന് അപ്രോച്ച് റോഡ്

ശ്രീ. സി. ദിവാകരൻ: സർ, കരുനാഗപ്പള്ളിയിലെ സുനാമിബാധിത പ്രദേശമായ ആലപ്പാട് പഞ്ചായത്തിലെ ജനങ്ങളുടെ ഗതാഗത സൗകര്യത്തിനുവേണ്ടി ഒന്നരവർഷം ഇടച്ചിറ പാലം നിർമ്മിച്ചു. ആ പാലം ഉദ്ഘാടനം ചെയ്ത വേദിയിൽ അപ്രോച്ച് റോഡിന് വേണ്ടിയിരുന്നതുകൊണ്ട് താൻ ആ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ഘാടനവേദിയിൽവച്ച് 50 ലക്ഷം രൂപ പ്രഖ്യാപിച്ചു. അതിനുശേഷം 18 മാസങ്ങൾ കഴിഞ്ഞെങ്കിലും ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അപ്രോച്ച് റോഡില്ലാത്തതിനാൽ ജനങ്ങൾക്ക് പാലംകൊണ്ട് യാതൊരു പ്രയോജനവുമില്ല. പി.ഡബ്ല്യു.ഡി-യും റവന്യൂ വകുപ്പും പരസ്പരം തട്ടിക്കളിക്കുകയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇടച്ചിറ പാലത്തിന് അപ്രോച്ച്റോഡ് നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

12.00 Noon]

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, റവന്യൂ, പൊതുമരാമത്ത് വകുപ്പുകൾ പരസ്പരം തട്ടുന്ന പ്രശ്നമില്ല. ഇടച്ചിറ പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പണി 2013 ഫെബ്രുവരി മാസം പൂർത്തീകരിച്ചതാണ്. ആ പാലത്തിന്റെ ഉദ്ഘാടന സമയത്ത് അപ്രോച്ച് റോഡിന് അനുബന്ധമായി മറ്റൊരു റോഡിന്റെ ആവശ്യം ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചിരുന്നു. ഇരുത്തിലേക്കുള്ള ഗതാഗത സൗകര്യത്തിനുവേണ്ടിയുള്ള ഈ റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ആലപ്പാട് പഞ്ചായത്താണ് ഏറ്റെടുത്ത് തരേണ്ടത്. സ്ഥലം ഏറ്റെടുത്ത് നൽകാമെന്ന് ആലപ്പാട് പഞ്ചായത്ത് ഉറപ്പ് നൽകിയിരുന്നു. എന്ന് സ്ഥലം ഏറ്റെടുത്ത് തരുന്നുവോ അന്ന് അതിനുള്ള ഭരണാനുമതി നൽകി റോഡ് നിർമ്മാണം ആരംഭിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(7) അയിലം പാലം

ശ്രീ. ബി. സത്യൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്ന വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആറ്റിങ്ങൽ മണ്ഡലത്തിലെ അയിലം പാലത്തിന്റെ നിർമ്മാണം 2009-ൽ ആരംഭിച്ചതാണ്. അന്ന് ഈ പാലം കിളിമാനൂർ നിയോജകമണ്ഡലത്തിലായിരുന്നു. ഇപ്പോൾ ആറ്റിങ്ങൽ - പഴയ പിറയിൻകീഴ് നിയോജകമണ്ഡലങ്ങളെ തമ്മിലും പുളിമാത്ത്-മുദാക്കൽ എന്നീ രണ്ട് പഞ്ചായത്തുകളെ തമ്മിലും ബന്ധിപ്പിക്കുന്നതാണ് പ്രസ്തുത പാലം. പാലം നിർമ്മാണം 4 വർഷം പിന്നിട്ടു. മൂന്നാമത് തവണ കാലാവധി നീട്ടിക്കൊടുത്തെങ്കിലും നിർമ്മാണം പഴയ അവസ്ഥയിൽത്തന്നെ നിൽക്കുകയാണ്. നിരവധി തവണ ചീഫ് എഞ്ചിനീയർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുമായി ഞാനും സമീപമണ്ഡലത്തിലെ എം.എൽ.എ. ആയ ശ്രീ. വി. ശശിയും സംസാരിച്ചെങ്കിലും നിർമ്മാണം പഴയ അവസ്ഥയിൽത്തന്നെ തുടരുകയാണ്. എല്ലാ വർഷവും പുതിയ ഷെഡ്യൂൾ അപ്ഡേറ്റ് ചെയ്യുന്നുണ്ടെന്നും പുതിയ നിരക്കുകൾ

LIBRARY ARCHIVES Kerala Legislative Assembly